# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വേങ്ങാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
# ജില്ലാ ഓഡിറ്റ് കാര്യാലയം

**കണ്ണൂർ**
**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**
**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1856/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 15/12/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1856/25 തീയ്യതി: 15/12/2025

# കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-11-2025 മുതൽ 05-11-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേശൻ.പി.വി | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2025 | 15-11-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2025 | 15-11-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്,
ശ്രീമതി.റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശാലിനി.പി.എം,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഷ്മ.പി,ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.ഗീത | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.പ്രകാശൻ പെരുംപുനത്തിൽ | സെക്രട്ടറി | 01-04-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗിരീഷ്.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.ദിജേഷ്.കെ | ക്ഷീരവികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.അനുമോൾ ജോസ് | മെഡിക്കൽ ഓഫീസർ - പി എച്ച് സി | 01-04-2024 | 31-03-2025 |
| ശ്രീമതി. സരിത.കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2024 | 24-04-2024 |
| ശ്രീമതി.ആർഷ.ബി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 25-04-2024 | 31-03-2025 |
| ശ്രീമതി. സതി.സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 11-08-2024 |

| | | | |
|---|---|---|---|
| ശ്രീമതി. ഷീബ.സി.കെ | ഐ സി ഡി എസ് സൂപർവൈസർ | 12-08-2024 | 31-03-2025 |
| ശ്രീമതി. ലിന്ന.ടി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -പടുവിലായി | 01-04-2024 | 31-03-2025 |
| ഡോ.പ്രീതംലാൽ.എ.ടി | വെറ്റിനറി സർജൻ | 01-04-2024 | 24-09-2024 |
| ഡോ.വിദ്യ.പി | വെറ്റിനറി സർജൻ | 25-09-2024 | 31-03-2025 |
| ശ്രീമതി വിനീത വി.കെ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സജിത കെ.എം | പ്രധാനാധ്യാപിക | 01-04-2024 | 17-06-2024 |
| ശ്രീമതി സജിനി സി.വി | പ്രധാനാധ്യാപിക | 18-06-2024 | 31-03-2025 |
| ശ്രീമതി ബിന്ദു യു.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. വിപിൻ സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പാതിരിയാട് | 01-04-2024 | 31-03-2025 |
| ഡോ. ഷാഹിറ ബാനു സി | മെഡിക്കൽ ഓഫീസർ - ആയൂർവ്വദ | 01-04-2024 | 04-06-2024 |
| ഡോ. തുഷാര പി.സി | മെഡിക്കൽ ഓഫീസർ - ആയൂർവ്വേദ | 05-06-2024 | 19-12-2024 |
| ഡോ. ഷീന വിജയൻ | മെഡിക്കൽ ഓഫീസർ - ആയൂർവ്വേദ | 20-12-2024 | 02-01-2025 |
| ഡോ. തുഷാര പി.സി | മെഡിക്കൽ ഓഫീസർ - ആയൂർവ്വേദ | 03-01-2025 | 15-03-2025 |
| ഡോ. ഷീന വിജയൻ | മെഡിക്കൽ ഓഫീസർ - ആയൂർവ്വേദ | 16-03-2025 | 31-03-2025 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല | 1-1-1 |
| 3 | കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ്-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | മുൻകൂർ അനുവദിച്ച തുക ആസ്തിയായി ഉൾപ്പെടുത്തി | 1-1-3 |
| 5 | ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് (310900101) ക്യാരിഓവർ ചെയ്തിട്ടുള്ള തുകയിൽ നിന്നും ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ മിച്ച തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-4 |
| 6 | പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | അഡ്വാൻസ് അനുവദിച്ചത് തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി | 1-1-10 |

| | | |
|---|---|---|
| 12 | ലോൺ ഇനത്തിൽ പലിശ ഉൾപ്പടെയുള്ള തുക ബാധ്യതയായി ഉൾപ്പെടുത്തി | 1-1-11 |
| 13 | സ്ഥിര നിക്ഷേപം- പലിശയിനത്തിലുള്ള വരവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-12 |
| 14 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേമെന്റ് പ്രകാരം) | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണസംവിധാനം | 1-9 |
| 23 | ഗ്രാമസഭ | 1-10 |
| 24 | കമ്മിറ്റികളുടെ പ്രവർത്തനം | 1-11 |
| 25 | തൊഴിൽ നികുതി പിഴ ഈടാക്കുന്നതിലെ അപാകം | 1-12 |
| 26 | വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 27 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ കുടിശ്ശിക | 1-14 |
| 28 | അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല | 1-15 |

| | | |
|---|---|---|
| 29 | പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾ തെറ്റായി നൽകി- നികുതി ഈടാക്കിയതിൽ കുറവ് | 1-16 |
| 30 | ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.₹77347 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 31 | പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതി - തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമായില്ല - ₹ 150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 32 | കെൽട്രോണിന് തുക അധികം നൽകി - തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.₹ 5340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 33 | നാളീകേര കൃഷി വികസനം -പദ്ധതി നിർവഹണത്തിലെ അപാകം | 1-20 |
| 34 | മുറ്റത്തൊരു മീൻതോട്ടം - രേഖകൾ ലഭ്യമാക്കിയില്ല, ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 35 | പഴയ മേൽക്കൂര മാറ്റി പുതിയത് സ്ഥാപിക്കൽ -മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല - ₹ 525000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 36 | വികലാംഗർക്ക് പെട്ടിക്കട - രേഖകൾ ലഭ്യമാക്കിയില്ല - ₹76564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 37 | സ്വയം തൊഴിൽ സംരംഭം (വനിത) ശിങ്കാരി മേളം - അപാകങ്ങൾ - ₹120609 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 38 | സ്വയം തൊഴിൽ സംരംഭം(വനിത) - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 39 | കാലിത്തീററ വിതരണം - അധികം അനുവദിച്ച തുക 35000 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 1-26 |
| 40 | വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |

| | | |
|---|---|---|
| 41 | സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ-₹3900000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-28 |
| 42 | പി എച്ച് സി ചാമ്പാട് സബ്സെന്റർ കെട്ടിട നിർമ്മാണം -പുരോഗതി വിവരം അറിയിക്കേണ്ടതാണ്. | 1-29 |
| 43 | മരാമത്ത് പ്രവൃത്തി - പിഴ ഈടാക്കിയതിൽ കുറവ് | 1-30 |
| 44 | ജി ഐ എസ് മാപ്പിംഗ്- പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. | 1-31 |
| 45 | സാങ്കേതികാനുമതി ലഭിക്കാത്ത 7 പ്രൊജക്ടുകൾക്കു വേണ്ടി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല - 3493505 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 46 | ജലജീവൻ മിഷൻ പദ്ധതി - അവലോകനം | 1-33 |
| 47 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കാലിത്തീററ വിതരണം - അധികം അനുവദിച്ച തുക 35000 രൂപയുടെ ചെലവ് നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം ഒടുക്ക് വരുത്തുന്നത് സംബന്ധിച്ച വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |

| | | |
|---|---|---|
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വേങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.06-2025 തീയതിയിലെ 173/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 17.06.2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 31.03.2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി &എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,
15.12.2025.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## 1-1-1 ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

ഭൂമിയുടെ യഥാർത്ഥ മൂല്യം വാർഷിക ധനകാര്യപത്രികയിലെ B-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ്-ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും ബാങ്ക് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റുകളുടെ B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് തുക B-4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ് | ₹18,70,018 | ₹1,52,87,456 |

| | | |
|---|---|---|
| | (ബേസിക് ഗ്രാന്റ്- ₹95,02,086(ടൈഡ് ഗ്രാന്റ്) - ആകെ ₹1,13,72,104) വ്യത്യാസം : 391552 | |

## 1-1-3 മുൻകൂർ അനുവദിച്ച തുക ആസ്തിയായി ഉൾപ്പെടുത്തി

തൻവർഷം K S E B ക്ക് പ്രൊജക്ട് നമ്പർ 154/25 പ്രകാരം ₹39,00,000 മുൻകൂറായി നൽകിയ തുകയുടെ വിവരം ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ Advance To Implementing Agencies-Deposit With K S E B എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ B-11 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പടുത്തി.

## 1-1-4 ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് (310900101) ക്യാരിഓവർ ചെയ്തിട്ടുള്ള തുകയിൽ നിന്നും ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ മിച്ച തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

ബാലൻസ് ഷീറ്റിലെ ബി 1 – ഷെഡ്യൂളിലേക്ക് (310900101) ക്യാരി ഓവർ ചെയ്തിട്ടുള്ള തുകയിൽ നിന്നും ഇൻകം ഏന്റ് എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റിലെ മിച്ച തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-1-5 പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ തുകകൾ ബാലൻസ് ഷീറ്റ് ബി 11 (ബി) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-6 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase /(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 8885998 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹17450197 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-7 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

അക്രുവൽ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. പ്രധാന വരവിനങ്ങൾക്ക് 31.03.2025-ലാണ് അക്രൂവൽ എൻട്രികൾ നൽകിയിട്ടുള്ളത്. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തണമെന്ന് കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി ഇനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടില്ല.

## 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സർക്കാരിന്റെ 16.07.2011-ലെ ജി.ഒ(എം.എസ്) നം.152/2011/ത.സ്വ.ഭ.വ. യിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ-2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-1-9 വർഷാന്ത്യ സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിൽ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി വാർഷിക ധനകാര്യ പത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-10 അഡ്വാൻസ് അനുവദിച്ചത് തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി

ഭരണപരമായ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ച തുകയുടെ വിവരം ഉൾപ്പെടുത്തുന്നതിന് B-18 460500801 Advance To MGNREGA എന്ന പ്രത്യേകം ശീർഷകം ഉണ്ടായിരുന്നിട്ടും MGNREGA യുടെ ഭരണപരമായ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും മുൻകൂറായി അനുവദിച്ചതിൽ തിരികെ കിട്ടാനുള്ളതിൽ 8,27,439 രൂപ 460509901 Advance To Others എന്ന ശീർഷകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് .

## 1-1-11 ലോൺ ഇനത്തിൽ പലിശ ഉൾപ്പടെയുള്ള തുക ബാധ്യതയായി ഉൾപ്പെടുത്തി

HUDCO ലോൺ ഇനത്തിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക ₹3025709 ആണെങ്കിലും B-5 ൽ ഉൾപ്പെടുത്തിയിരിക്കുന്നത് ₹2405 പലിശ ഉൾപ്പടെ ₹3028114 ആണ്.

## 1-1-12 സ്ഥിര നിക്ഷേപം- പലിശയിനത്തിലുള്ള വരവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

ഹാജരാക്കിയ രേഖകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ സ്ഥിര നിക്ഷേപം ₹4764013 പലിശ ഉൾപ്പടെ ₹72443613 ആണ്. എന്നാൽ I-7 Interest On Fixed Deposit ആയി ഉൾപ്പെടുത്തിയത് ₹4764413 ആയതിനാൽ B-12 പ്രകാരം Fixed Deposit ഇനത്തിൽ നീക്കിയിരപ്പ് ₹7,24,44,013 ആണ്.

## 1-1-13 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

(1) 2011ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക

ധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

(2) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിലെ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.
(3) തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന B1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | ₹2,04,94,634 |
| വരവ് | ₹30,36,46,000 |
| ആകെ | ₹32,41,40,634 |
| ചെലവ് | ₹29,73,33,200 |
| നീക്കിയിരിപ്പ് | ₹2,68,07,434 |

ഭരണസമിതിയുടെ 09-02-2024 ലെ 16/2024 നമ്പർ തീരുമാനപ്രകാരം 2024-25 ലെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | ₹6,71,94,201 |
| വരവ് | ₹25,09,95,328 |
| ആകെ | ₹31,81,89,529 |
| ചെലവ് | ₹29,23,08,700 |
| നീക്കിയിരിപ്പ് | ₹2,58,80,829 |

ഭരണസമിതിയുടെ 10-2-25 ലെ 11/25(1)-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് &പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,91,38,758 |
| വരവ് | ₹ 9,09,81,770 |
| ആകെ | ₹ 12,01,20,528 |
| ചെലവ് | ₹ 8,20,95,772 |
| നീക്കിയിരിപ്പ് | ₹ 3,80,24,756 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹35,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹86,97,365 |

## 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 3084000 | 3084000 | 3084000 | 0 |
| വികസന ഫണ്ട് എസ് സി പി | 0 | 1223000 | 1223000 | 1223000 | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 1315105 | 1315105 | 1315105 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 23201000 | 23201000 | 14491007 | 8709993 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 3745000 | 3745000 | 3745000 | 0 |
| സി എഫ് സി ടൈഡ് ഗ്രാന്റ് | 3982795 | 10900000 | 14882795 | 5380709 | 9502086 |
| സി എഫ് സി അൺടൈഡ് ബേസിക് ഗ്രാന്റ് | 815431 | 5398976 | 6214407 | 4344389* | 1870018 |
| ഐ സി ഡി എസ് കേന്ദ്ര വിഹിതം** | 2948142 | 3221175 | 6169317 | 2864535 | 3304782 |
| ടോട്ടൽ സാനിറ്റേഷൻ | 95200 | 0 | 95200 | 0 | 95200 |
| ബേബി ഫ്രന്റ്ലി ടോയ്‌ലറ്റ് | 1437 | 0 | 1437 | 0 | 1437 |
| ഹെൽത്ത് ഗ്രാന്റ് - | 1011556 | 515583 | 1527139 | 242487 | 1284652 |

| | | | | | |
|---|---|---|---|---|---|
| ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | | | | | |
| ഹെൽത്ത് ഗ്രാന്റ് വെൽനസ്സ് | 409724 | 767041 | 1176765 | 239046 | 937719 |
| ഹെൽത്ത് മിഷൻ ഫണ്ട് (ആയുഷ്) | 148844 | 150661 | 299505 | 0 | 299505 |
| Health Grant Towards Buildingless Subcenters, PHCs & CHCs | 2814519 | 70649 | 2885168 | 2775000 | 110168 |
| പൈക്ക | 14063 | 367 | 14430 | 0 | 14430 |
| പ്രത്യേകോദ്ദേശ്യ ഗ്രാന്റ് | 692379 | 0 | 692379 | 0 | 692379 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 476792 | 476792 | 476792 | 0 |
| വിമുക്തി | 41515 | 0 | 41515 | 0 | 41515 |
| റൂറൽ ഹൗസിംഗ് | 400000 | 700000 | 1100000 | 460000 | 640000 |
| സാക്ഷരത | 109626 | 3870 | 113496 | 0 | 113496 |
| ജലനിധി | 1000000 | 0 | 1000000 | 0 | 1000000 |
| അവാർഡ് | 14939 | 0 | 14939 | 0 | 14939 |
| Other Schemes | 48000 | 25000 | 73000 | 58000 | 15000 |
| Fund For Transfered Institutions | 228477 | 0 | 228477 | 0 | 228477 |
| നാഷനൽ ഹെൽത്ത് | 0 | 1531906 | 1531906 | 1531906 | 0 |

| മിഷൻ | | | | | |
|---|---|---|---|---|---|

**സ്പിൽ ഓവർ ആയി വന്ന മെയിന്റനൻസ് ഫണ്ട് റോഡ് വിഭാഗത്തിലെ 6 പ്രൊജക്ടുകളുടെ ചെലവ് തുകയായ 26,57,283 രൂപയുടെയും മെയിന്റനൻസ് ഫണ്ട് റോഡിതരം വിഭാഗത്തിലെ ഒരു പ്രൊജക്ടിന്റെ ചെലവ് തുകയായ 8,36,22 രൂപയുടെയും ചെലവ് പ്രൊജക്ടുകൾക്ക് അംഗീകാരം കിട്ടാതെ നടത്തിയതിനാൽ പ്രസ്തുത തുകകളുടെ വിവരം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
*സി.എഫ്.സി. ബേസിക് ഗ്രാന്റിനത്തിലെ ചെലവ് തുക ധനകാര്യ പത്രികയിലെ ചെലവ് തുകയുമായി 42 രൂപയുടെ വ്യത്യാസമുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 287 | 174544714 | 178 | 81868924 | 112 | 109 | 66 | 23 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 6272100 | 5198975 | 82.89 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 1783500 | 1783500 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്. സി | 24 | 19 | 8292590 | 4149451 | 50.03 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 1054388 | 1054388 | 100 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 1 | 1 | 60000 | 60000 | 100 |
| വി.ഇ.ഒ | 15 | 14 | 35410000 | 12753173 | 36.02 |
| വി.ഇ.ഒ | 14 | 13 | 5771200 | 5164847 | 89.49 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 12 | 9016641 | 8228306 | 91.25 |
| സെക്രട്ടറി | 47 | 28 | 28277784 | 13106815 | 46.35 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 140 | 57 | 72055610 | 24373998 | 33.83 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2325000 | 2028386 | 87.24 |
| ഹെഡ് മാസ്റ്റർ | 7 | 7 | 1230200 | 1024061 | 83.24 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 2995701 | 2943024 | 98.24 |
| ആകെ | 287 | 178 | 174544714 | 81868924 | 46.90 |

## 1-6 മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1661573 | 1661573 | 1660056 | 1517 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 47895490 | 47895490 | 47895490 | - |
| ആകെ | 0 | 49557063 | 49557063 | 49555546 | 1517 |

## 1-7 ക്ഷേമ പദ്ധതികൾ

2024-25വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7958800 | 479 |
| വിധവാ പെൻഷൻ | 23837600 | 1550 |
| വാർദ്ധക്യകാല പെൻഷൻ | 45548300 | 3217 |
| വികലാംഗ പെൻഷൻ | 7939700 | 512 |
| വിവാഹ ധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4789400 | 319 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2025 ന് 11.45 Am മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18970 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-9 ആഭ്യന്തര നിയന്ത്രണസംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു വരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചു കൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും

ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. മുൻകൂർ രജിസ്ററർ, ഡെപ്പോസിറ്റ് രജിസ്ററർ, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ, രജിസ്റററുകൾ എന്നിവ മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇൻകുമ്പൻസി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.
നികുതി നികതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. 2024-25 ലെ നികുതിപിരിവ് 100% കൈവരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം കാര്യക്ഷമമല്ല. കൈമാറി കിട്ടിയ സ്ഥാപനങ്ങൾക്കും ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും വാങ്ങിയിട്ടുള്ള കമ്പ്യൂട്ടറുകളും, ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ ജംഗമആസ്തികളിൽ ഉൾപ്പെടുത്തിയും തൊഴിലുറപ്പ് പദ്ധതി പ്രകാരം ആർജിച്ചെടുത്ത കോൺക്രീറ്റ് റോഡുകളും ഉൾപ്പെടുത്തിയും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുന്നത് മുതൽ പൂർത്തീകരണം വരെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. സാധനങ്ങളുടെ ഗുണനിലവാരപരിശോധന, പ്രവൃത്തി നിർവ്വഹിച്ചതിനു ശേഷം നീരിക്ഷണ കാലയളവിൽ (Defect Liability Period) ഉണ്ടാകുന്ന അറ്റകുറ്റ പണികൾ പ്രസ്തുത കരാറുകാരനെ കൊണ്ട് തന്നെ നിർവ്വഹിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പി.ഡബ്ല്യൂ.ഡി മാന്വലിൽ നിഷ്കർഷിച്ചത് പ്രകാരമുള്ള പിഴ ഈടാക്കാതെ ഭരണസമിതി തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് ഒറിജിനൽ കാലാവധിയുടെ പകുതിയിലധികം ദീർഘിപ്പിച്ചു നൽകുന്നത് ക്രമപ്രകാരമല്ല. പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിധേയമായും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

2024ൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവരാവകാശം സംബന്ധിച്ച അപേക്ഷകളിൽ സമയബന്ധിതമായി മറുപടി നൽകുകയും, ആർ ടി ഐ രജിസ്ററർ കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. പ്രതിമാസം, ജീവനക്കാരുടെ യോഗം ചേരുകയും ഓഫീസ്

പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജീവനക്കാരുടെ ജോലിവിഭജനം ഓഫീസ് ഓർഡർ മുഖേന നിശ്ചയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളും കൃത്യമായി നടത്തുന്നുണ്ട്.

ഈ സാഹചര്യത്തിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ പൊതുവെ സംവിധാനം തൃപ്തികരമാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമസഭ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. എന്നാൽ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ 2024-25 വർഷം ആകെയുള്ള 21 വാർഡുകളിലും 2 തവണ മാത്രമാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024 ജൂൺ, ഡിസംബർ മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. 2024-25 ലെ വാർഷിക പദ്ധതി രൂപീകരണം ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യസുരക്ഷ പെൻഷൻ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, മാലിന്യസംസ്കരണം എന്നിവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമസഭാ മിനുട്ട്സ് തീരുമാനങ്ങൾ, അതത് ഗ്രാമസഭകളിൽ (വേങ്ങാട് തെരു വാർഡ് 5 ഒഴികെ)പങ്കെടുക്കുന്നവരിൽ കുറഞ്ഞത് 15 പേർ എങ്കിലും സാക്ഷ്യപ്പെടുത്തുന്നില്ല എന്നത് പോരായ്മയാണ്.

## 1-11 കമ്മിറ്റികളുടെ പ്രവർത്തനം

ഗ്രാമ പഞ്ചായത്തിൽ ഭരണസമിതി, സ്റ്റിയറിംഗ് കമ്മിറ്റി, കൂടാതെ വിവിധ തലത്തിലുള്ള 4 സ്റ്റാൻഡിംഗ് കമ്മിറ്റികൾ (ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം) രൂപീകരിച്ചിട്ടുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായി യോഗം ചേരുകയും ഭരണപരമായ തീരുമാനങ്ങൾ ഭരണസമിതിയ്ക്ക് ശിപാർശ ചെയ്യുന്നുമുണ്ട്. എന്നാൽ ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മിറ്റികൾ യോഗങ്ങൾ ചേർന്നശേഷം തീരുമാനങ്ങൾ പ്രസിഡന്ററിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം നേരിടുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| കമ്മിറ്റിയുടെ പേര് | യോഗ തീയതി | മിനുട്ട്സ് അംഗീകാരത്തിനായി അയച്ച തീയതി | അംഗീകരിച്ച തീയതി |
|---|---|---|---|
| ഭരണസമിതി | 03-01-25 | 21-05-25 | 21-05-25 |

| | | | |
|---|---|---|---|
| ധനകാര്യം | 22-01-25 | 29-04-25 | 29-04-25 |
| ആരോഗ്യവും വിദ്യാഭ്യാസവും | 06-01-25 | 12-03-25 | 12-03-25 |
| ക്ഷേമകാര്യം | 07-01-25 | 19-05-25 | 19-05-25 |
| വികസനകാര്യം | 01-01-25 | 29-04-25 | 29-04-25 |

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ആയതു പ്രകാരം മിനിറ്റ്സ് പൂർത്തീകരിക്കുന്നതിൽ സമയപരിധി പാലിക്കുന്നില്ല. ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ നടപടിക്രമങ്ങൾ കൃത്യതയോടെ മിനുട്ട്സിൽ രേഖപ്പെടുത്തുന്നില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗമിനുട്ട്സുകൾ കുറ്റമറ്റ രീതിയിൽ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നിർവഹണത്തിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പു വരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ്. മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ആയത് പോരായ്മയാണ്.

പ്രൊക്യുർമെന്റ് കമ്മിറ്റി 2024-25 ൽ ആവശ്യമായ യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്ട്സ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുമുണ്ട്. എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊകഡയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതി ഒഴിവാക്കപ്പെടേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പിഴ ഈടാക്കുന്നതിലെ അപാകം

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ

ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.08.2000 തീയ്യതിയിലെ 51457/ എൻ 1/ തഭവ നമ്പർ സർക്കുലർ പ്രകാരം ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി പിഴ പലിശ നൽകേണ്ടിവരുന്ന തീയ്യതി സെപ്തംബർ ഒന്നു മുതലാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്തംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ കണക്കാക്കിയത് ഒക്ടോബർ മാസം മുതലാണ്. മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/10.11.2025)ഉദാഹരണങ്ങളായി കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന പിഴ തുക ഈടാക്കി രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി വൈകി അടവാക്കിയ മുഴുവൻ നികുതിദായകരിൽ നിന്നും കൃത്യമായ നിരക്കിൽ തന്നെയാണോ പിഴ ഈടാക്കിയിട്ടുള്ളതെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല

22.03.2023 ലെ സ.ഉ(കൈ)നം.77/2023/തസ്വഭവ പ്രകാരം 01-04-2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ ഫീൽഡ് പരിശോധന നടത്തി സോഫ്ട്‌വെയറിൽ ചേർക്കേണ്ടതുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമുണ്ട്. ഇതിനാവശ്യമായ പരിശോധനകൾ എത്രയും വേഗം പൂർത്തീകരിക്കാൻ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട് . മേൽ ഉത്തരവ് പ്രകാരം വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/09.11.2025) കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടന്നു വരികയാണെന്നും കെട്ടിടങ്ങളുടെ വിവരശേഖരണത്തിനായി ജി ഐ സ് മാപ്പിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും 1260 9 ബി ഫോറങ്ങൾ ലഭിച്ചിട്ടുണ്ടെന്നുംആയതിന്റെ ഫീൽഡ് തല പരിശോധന നടന്നു വരികയാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന പൂർത്തീകരിക്കുന്നതിനും വസ്തു നികുതി പരിഷ്കരിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി - നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് ഇനത്തിൽ കുടിശ്ശിക

വേങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.

| ക്രമ നമ്പർ | വസ്തുനികുതി | തൻവർഷം | കുടിശ്ശിക |
|---|---|---|---|
| 1 | നോൺ റസിഡൻഷ്യൽ ബിൽഡിംഗ്സ് | ₹190157 | ₹1559902 |
| 2 | സർവ്വീസ് സെസ് | ₹ 3629 | ₹ 29753 |

നിലവിൽ ഈടാക്കിയിട്ടുള്ള/ഈടാക്കാൻ അവശേഷിക്കുന്ന കുടിശ്ശിക, കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/11.11.2025) 13 ാം വാർഡിലെ 431, 431 A, C, D, E, 525, 928, 928 B, 928 O എന്നീ കെട്ടിടങ്ങളുടെ നികുതിയാണ് അടവാക്കാനുള്ളതെന്നും അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നികുതി അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയതിന് മറുപടിയായി ബഹു കേരള ഹൈകോടതിക്ക് മുമ്പാകെ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അസോസിയേഷൻ നൽകിയ WPC 36913/2017 പെറ്റീഷൻ പ്രകാരം പഞ്ചായത്ത് നികുതി പിരിക്കുന്നതിനുള്ള സ്റ്റേ ഉത്തരവിന്റെ പകർപ്പ് സമർപ്പിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്. 21 ാം വാർഡിലെ റിലയൻസ് ഇൻഫോം കോം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 818 A നമ്പർ മൊബൈൽ ടവറിന്റെ വസ്തു നികുതി അടവാക്കുന്നതിന് വേണ്ടി കൂത്തുപറമ്പ് ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പടുവിലായി, പാതിരിയാട് എന്നീ വില്ലേജ് ഓഫീസുകളുടെ വസ്തു നികുതി ബഹു ജില്ലാ കലക്ടറിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്ന മുറയ്ക്ക് അടവാക്കുന്നതാണെന്ന് തലശ്ശേരി തഹസീൽദാർ കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നടപടികൾ വഴി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്. എ2/2023/നിയമം വിജ്ഞാപനം പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ 01-04-2023 പ്രാബല്യത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച് ഹയർ സെക്കണ്ടറി തലം വരെയുള്ള അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പിലെ ബിഎ ഖണ്ഡം റദ്ദാക്കുകയുണ്ടായി. ഇതു പ്രകാരം 01-04-2023 മുതൽ സർക്കാരിന്റെ അംഗീകാരം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറി തലം വരെയുള്ളതുമായ, വിദ്യാഭ്യാസ ആവശ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്കും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും (**അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ**) അനുവദിച്ചിരുന്ന വസ്തു നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ട് . മേൽ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വരെ 207 ബിഎ) വകുപ്പ് പ്രകാരം വസ്തുനികുതിയിളവ് അനുവദിച്ചിരുന്ന ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി 01-04-2023 പ്രാബല്യത്തിൽ (2023-24വർഷം മുതൽ) ഈടാക്കിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/9.11.2025) കെ സ്മാർട്ടിൽ 2022-23 വർഷം വരെയുള്ള നികുതി കുടിശ്ശിക ഒഴിവാക്കി നികുതി അടവാക്കാൻ സംവിധാനം വരുന്ന മുറയ്ക്ക് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി അടവാക്കി രശീതി ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾ തെറ്റായി നൽകി- നികുതി ഈടാക്കിയതിൽ കുറവ്

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിൽ 2023-24 വർഷം മുതൽ പുതുതായി വസ്തു നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണയത്തിന് ബാധകമാകേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി സർക്കാർ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ

പരിധികൾ നിശ്ചയിച്ചുകൊണ്ട് സ.ഉ(അച്ചടി)നം.25/2023/തസ്വഭവ,05.04.23, എസ്.ആർ.ഒ നമ്പർ 479/2023 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ ഉപവിഭാഗങ്ങൾക്കുള്ള കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരം | ഏറ്റവും കുറഞ്ഞ നിരക്ക് (രൂപ) | ഏറ്റവും കൂടിയ നിരക്ക് (രൂപ) |
|---|---|---|---|
| 1 | സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ വരെയുള്ളവ | 6 | 10 |
| 2 | പാർപ്പിടങ്ങൾ, ഹോംസ്റ്റേ (ഉടമസ്ഥൻ താമസിക്കുന്നതും ഒന്നോ അതിലധികമോ മുറികൾ വിനോദസഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നതുമായ പാർപ്പിടങ്ങൾ)-300 ച.മീ മുകളിലുള്ളവ | 8 | 12 |

മേൽ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വേങ്ങാട് ഗ്രാമപഞ്ചായത്ത് 22.06.2023 തീയതിയിൽ 111/2023(1) ഭരണസമിതി തീരുമാന പ്രകാരം പുറപ്പെടുവിച്ച അന്തിമ വിജ്ഞാപനത്തിൽ (എസ് സി 4-6180/2023 തീയതി 05.07.2023) മേൽ പട്ടികയിൽ പരാമർശിച്ച ക്രമ നമ്പർ 1,2, എന്നീ കെട്ടിടവിഭാഗങ്ങളുടെ നികുതി നിരക്ക് യഥാക്രമം 6, 9, എന്നിങ്ങനെയാണ്. ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ പുതിയ

കെട്ടിട രജിസ്റ്ററും (സഞ്ചയയിൽ നിന്നുള്ളത്) സഞ്ചയ സോഫ്റ്റ് വെയറിലെ ഫാറം 6 ഉൾപ്പെടെയുള്ള അസസ്മെന്റ് വിവരങ്ങളും തമ്മിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ ഉപവിഭാഗ ക്രമങ്ങൾ സഞ്ചയ പോർട്ടലിൽ തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു

| കെട്ടിട ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണം ച.മീ | സഞ്ചയയിൽ ഉൾപ്പെടുത്തിയ കെട്ടിടത്തിന്റെ ഉപവിഭാഗം | സഞ്ചയയിൽ ഉൾപ്പെടുത്തേണ്ട കെട്ടിടത്തിന്റെ ഉപവിഭാഗം | ഈടാക്കേണ്ട വസ്തു നികുതി | സഞ്ചയ പ്രകാരം ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|---|---|
| മുഹമ്മദ്നൗഫൽ കോറോത്ത്,കല്ലായി, അഞ്ചരക്കണ്ടി | II/126-B | Cellar- 332.3<br>G.F 404.53<br>F.F 290.99<br>ആകെ--1027.82 | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300ച മീറ്റർ വരെ ഉള്ളവ | പാർപ്പിടാവശ്യം-സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300ച മീറ്ററിന് മുകളിൽ ഉള്ളവ | ₹9 | ₹6 |
| ഇർഷാദ്,എൻപി, അർശ്, വേങ്ങാട് | IV/418-A | G F 246.09<br>FF 210.14<br>ആകെ-456.23 | | | | |
| ഷിജിൻ.പി, എക് താര, പടുവിലായി | XX/346 A | G F 216.42<br>FF 86.6<br>ആകെ-303.02 | | | | |
| ഇബ്രാഹിം കോയിലൃത്ത്, മർഹബ,കുന്നിരിക്ക, പാതിരിയാട് , | XIX/249 A | G F 172.04<br>FF 179.85<br>ആകെ-351.89 | | | | |

കെട്ടിടത്തിന്റെ ഉപവിഭാഗം സഞ്ചയയിൽ വ്യത്യസ്തമായി നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക്( 32/14.11.2025 ) പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണയിച്ച് കുറവ് വന്ന നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല.₹77347 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ് നമ്പർ/ പേര് | 38/25, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | ₹3,00,000 (ബിൽ നമ്പർ : 236/11.12.2024) |

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിലേക്ക് നൽകിയിട്ടുണ്ട്(പ്രൊഫോർമ ഇൻവോയിസ് നം. PF-704/26.11.2024).എന്നാൽ താഴെ പറയും പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിക്കിയിട്ടുള്ളത്.

| ഇൻവോയിസ് നം./ തീയതി | തുക (₹) |
|---|---|
| LF-2533/12.02.2025 | 132577 |
| LF-3176/31.03.2025 | 49164 |
| LF-72/11.07.2025 | 30082 |
| LF-1667/07.10.2025 | 10830 |

ശേഷിക്കുന്ന 77347 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുന്നതിനുമായി നൽകിയ 12.11.2024 ലെ 24ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി

77347 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ ₹77347 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതി - തുക മുൻകൂർ നൽകിയിട്ടും മരുന്ന് ലഭ്യമായില്ല - ₹ 150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ / പേര് | 183/25, സ്നേഹ സാന്ത്വനം പെയിൻ ആൻഡ് പാലിയേറ്റീവ്(സ്പിൽ ഓവർ) |
| അടങ്കൽ | ₹131442 (വികസന ഫണ്ട്-പൊതു വിഭാഗം)<br>₹200000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹14700 (തനത് ഫണ്ട്)<br>₹200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ആകെ – ₹546142 |
| ചെലവ് | ₹93760 (വികസന ഫണ്ട്-പൊതു വിഭാഗം)<br>₹199350 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ –₹ 293110 |

മേൽ പ്രൊജക്ട് നിർവഹണത്തിന്റെ ഭാഗമായി ആകെ 293110 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ 11.12.2024 ലെ 24220452008501032888 നമ്പർ ബിൽ പ്രകാരം 150000 രൂപ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനു നകിയിട്ടുണ്ട്(പ്രൊഫോർമ ഇൻവോയിസ് നം. PRF4921, തീയതി.11.03.2024). എന്നാൽ മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുന്നതിനും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുന്നതിനുമായി 12.11.2025 ൽ നൽകിയ 27ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മരുന്ന് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകാത്തതിനാൽ 150000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കെൽട്രോണിന് തുക അധികം നൽകി - തുക തിരികെ ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല.₹ 5340 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രാഥമിക ആരോഗ്യ കേന്ദ്രം |
| പ്രോജക്ട് നമ്പർ, പേര് | 190/25, പി എച്ച് സി യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹79595 വികസന ഫണ്ട് ജനറൽ |
| ചെലവ് | ₹69595, 04/09.05.2024<br>₹10000, 234/11.11.2024<br>ആകെ - ₹79595 |

മേൽ പ്രൊജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് സി.പി.ആർ.സി.എസ് വഴി ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കെൽട്രോണിന് 69595 രൂപ അനുവദിച്ചിട്ടുണ്ട് (ബിൽ നം.04,തീയതി.09.05.2024). എന്നാൽ വർക്ക് ഓർഡർ ജനറേഷൻ സമയത്ത് ഇതേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടർ 64255 രൂപയ്ക്ക് ലഭ്യമായതിനാൽ 5340 രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭിക്കാൻ ഉണ്ട്. തുക തിരികെ നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ 12.11.2025 ലെ 26൦ നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തുക തിരികെ ലഭ്യമാക്കുന്നതിനായി കെൽട്രോണിന് കത്ത് അയച്ചിട്ടുണ്ടെന്നും പ്രസ്തുത കത്തിന് മറുപടിയായി പഞ്ചായത്ത് തുക അനുവദിച്ച ശീർഷകത്തിൽ ( ROP 3604-00-911-99 ) 5340 രൂപ ക്രെഡിറ്റ് ചെയ്യാമെന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ തുക തിരികെ നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകും വരെ 5340 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 നാളീകേര കൃഷി വികസനം -പദ്ധതി നിർവഹണത്തിലെ അപാകം

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റിന്റെ നമ്പർ, പേര് | 63/25,നാളീകേര കൃഷി വികസനം |
| അടങ്കൽ | ₹1437375 വികസന ഫണ്ട് (പൊതു വിഭാഗം) ₹ 479125 മറ്റുള്ളവ ആകെ – ₹1916500 |
| ചെലവ് | ₹ 1437375 |

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ നാളീകേര ഉൽപാദന വർദ്ധനവ് കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മേൽ പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം കുമ്മായം ,ജൈവവളം എന്നിവയ്ക്ക് 75 ശതമാനം സബ്സിഡി എന്ന നിരക്കിൽ ഒരു തെങ്ങിന് 75 രൂപ നൽകിയിട്ടുണ്ട്. കുമ്മായം ,ജൈവവളം എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും കർഷകർ വാങ്ങി ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കുകയാണ് ചെയ്തത്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ആയതിൽ ഫീൽഡ് തല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 19.04.2022 ലെ ജി.ഒ.(എം.എസ്)84/2022/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 12.3.15 പ്രകാരം ഗുണഭോക്താവിന് ആനുകൂല്യങ്ങൾ നൽകുന്നതിനു മുമ്പ് ഗുണഭോക്താവിന്റെ അർഹത നിർവഹണ ഉദ്യോഗസ്ഥൻ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും ആനുകൂല്യത്തിന് അർഹനാണെന്ന് ബോധ്യപ്പെട്ട ശേഷം ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11.11.2025 ലെ 10൦ നമ്പർ ഓഡിറ്റ് അന്വേഷണം) മറുപടിയായി സ്ഥല പരിശോധന നടത്തി അർഹതപ്പെട്ട കർഷകർക്കാണ്

ആനുകൂല്യം നൽകിയതെന്നും ഓഫീസിലെ തിരക്ക് മൂലം ഫീൽഡ് വെരിഫിക്കേഷൻ നടത്തിയ ഉദ്യോഗസ്ഥർക്ക് അപേക്ഷയിൽ സാക്ഷ്യപ്പെടുത്തുവാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സർക്കാറിന് യാതൊരു ധന നഷ്ടവും ഉണ്ടായിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഫീൽഡ് തല പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതും ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-21 മുറ്റത്തൊരു മീൻതോട്ടം - രേഖകൾ ലഭ്യമാക്കിയില്ല, ₹24000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്ട് നമ്പർ, പേര് | 119/25, മുറ്റത്തൊരു മീൻതോട്ടം |
| അടങ്കൽ | ₹ 24000 വികസന ഫണ്ട് ജനറൽ<br>₹36000 ഗുണഭോക്തൃ വിഹിതം<br>ആകെ – ₹60000 |
| ചെലവ് | ₹8000,487/16.03.2025 വികസന ഫണ്ട് ജനറൽ<br>₹8000,490/18.03.2025 വികസന ഫണ്ട് ജനറൽ<br>₹8000,532/23.03.2025 വികസന ഫണ്ട് ജനറൽ<br>₹36000 ഗുണഭോക്തൃ വിഹിതം<br>ആകെ ₹60000 |

മുറ്റത്തൊരു മീൻതോട്ടം പദ്ധതിയിൽ യൂണിറ്റ് ചെലവായ 20000 രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയാൽ സമർപ്പിക്കുന്ന ബില്ലിൽ പദ്ധതി മാനദണ്ഡ പ്രകാരം സബ്സിഡി തുക

ഗുണഭോക്താവിന് നൽകുന്നു. ജനറൽ വിഭാഗത്തിന് 40% വും പട്ടിക ജാതി വിഭാഗത്തിന് 75% വും പട്ടിക വർഗ്ഗ വിഭാഗത്തിന് 100% വും സബ്സിഡി നൽകുന്നു.
പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1. 23.03.2025 ലെ ബിൽ നം. 532 പ്രകാരം സൗമിനി കരുവേക്കണ്ടി എന്ന ഗുണഭോക്താവിന് 8000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കുളം കുഴിച്ചതിന്റെ ലേബർ ചാർജ് ഇനത്തിൽ 12000 രൂപ ചെലവഴിച്ചതിന്റെ രേഖയും, റെയിഡ്കോയിൽ നിന്നും 19394 രൂപ ചെലവഴിച്ച് 1.5HP മോട്ടോർ പമ്പ് സെറ്റ് വാങ്ങിയതിന്റെ ഇൻവോയിസുമാണ്(പ്രസ്തുത ഇൻവോയിസ് 23.01.2024 ലേതാണ്) ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. മീൻതോട്ടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 1.5HP മോട്ടോർ പമ്പ് സെറ്റിന്റെ ആവശ്യകത വ്യക്തമല്ല. വെഞ്ചറി പമ്പ്,പോളിത്തീൻ ഷീറ്റ്,സംരക്ഷിത വല,മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിനാൽ മീൻതോട്ടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി.28.05.22 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(4) പ്രകാരം കുളം നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ നിർവഹിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തണമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ യൂണിറ്റ് തുക അതത് യൂണിറ്റിൽ കുറവ് വരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാധ്യത പഞ്ചായത്ത് പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല.

3. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.4 ഉപഖണ്ഡിക 13 A(7) പ്രകാരം മത്സ്യ കൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ഇപ്രകാരം മത്സ്യ കൃഷി ഇൻഷൂർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
മേൽ പരാമർശങ്ങൾ സംബന്ധിച്ച് 12.11.2025 ൽ നൽകിയ 25ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി/രേഖകൾ ലഭ്യമാക്കും വരെ 24000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പഴയ മേൽക്കൂര മാറ്റി പുതിയത് സ്ഥാപിക്കൽ -മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല - ₹ 525000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വി.ഇ.ഒ പാതിരിയാട് |

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 26/25 ,പഴയ മേൽക്കൂര മാറ്റി പുതിയത് നിർമ്മിക്കൽ | 199/25 ,പഴയ മേൽക്കൂര മാറ്റി പുതിയത് നിർമ്മിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 2100000 വികസനഫണ്ട്(പൊതു വിഭാഗം) | ₹675000 വികസനഫണ്ട്(പൊതു വിഭാഗം) ₹100000(തനത് ഫണ്ട്) ആകെ -₹775000 |
| ചെലവ് | ₹1800000 | ₹675000 വികസനഫണ്ട്(പൊതു വിഭാഗം) ₹51000(തനത് ഫണ്ട്) ആകെ – ₹726000 |
| തുക, ബിൽ നമ്പർ & തീയ്യതി | ₹575000,304/10.01.2025<br>₹325000,342/22.01.2025<br>₹650000,467/14.03.2025<br>₹100000,538/24.03.2025<br>₹100000,539/24.03.2025<br>₹50000,553/25.03.2025 | ₹250000,89/23.08.2024<br>₹325000,79/13.08.2024<br>₹51000,231/11.12.2024<br>₹14000,269/19.12.2024<br>₹86000,128/26.09.2024 |

1. പ്രൊജക്ട് നം. 26/25 പ്രകാരം പഴയ മേൽക്കൂര മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ 28.05.2022 തീയതിയിലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ പ്രകാരമുള്ള സബ്സിഡി/ധനസഹായം/അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.7.4.4 പ്രകാരമുള്ള ഓവർസിയർ/ എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | കദീശ എം |

| | |
|---|---|
| 2 | സുരേഷ് ബാബു കെ |
| 3 | ബാലൻ സി |
| 4 | പുഷ്പജ എം |
| 5 | ശ്രീമതി എ |

2. പഴയ മേൽക്കൂര മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 2023-24 വർഷം ധനസഹായത്തിന്റെ ആദ്യ ഗഡു അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പ്രൊജക്റ്റ് നം. 199/25 പ്രകാരം രണ്ടാമത്തെ ഗഡുവായി 25000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. എന്നാൽ വർക്ക് പൂർത്തിയാക്കി ബന്ധപ്പെട്ട ഓവർസീയർ / എഞ്ചിനീയർ മൂല്യ നിർണ്ണയം നടത്തിയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | യശോദ |
| 2 | സുമിത്ര |
| 3 | ആയിഷ.എ.ഒ |
| 4 | ഗീത |
| 5 | കൗസു |
| 6 | രാഗേഷ് സി വി |
| 7 | കമലാക്ഷി ടി |
| 8 | നാരായണൻ സി |
| 9 | കദീശുമ്മ സി |
| 10 | നന്ദിനി ടി |
| 11 | കൗസല്യ |

വാലുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നൽകിയ 14.11.2025 ലെ 37ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കും വരെ 525000 (50000x5 + 11 X 25000) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-23 വികലാംഗർക്ക് പെട്ടിക്കട - രേഖകൾ ലഭ്യമാക്കിയില്ല - ₹76564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ പാതിരിയാട് |
| പ്രോജക്ട് നമ്പർ, പേര് | 200/25 (So), ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട (വനിത) |
| അടങ്കൽ | ₹162560 വികസന ഫണ്ട് ജനറൽ<br>₹62440(തനത് ഫണ്ട്)<br>ആകെ – ₹225000 |
| ചെലവ് | ₹76564,127/26.09.2024 |

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിക്കാരായ രണ്ട് വനിതകൾക്ക് പെട്ടിക്കട തുടങ്ങാൻ ധനസഹായം അനുവദിച്ചിട്ടുണ്ട്. സഫിയ .കെ പി എന്ന ഗുണഭോക്താവിന് 47564 രൂപയും റഫീദ വണ്ണാൻകോട് എന്ന ഗുണഭോക്താവിന് 29000 രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു

1. പെട്ടിക്കടകൾ പ്രവർത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച ലൈസൻസിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല.
2. സ ഉ (കൈ) നം. 115 /2022 /ത.സ്വ.ഭ.വ തീയതി 28.05.2022 ലെ പൊതു നിബന്ധനകളിലെ ഖണ്ഡിക 2.9 ലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ബന്ധപ്പെട്ട ഓവർസിയർ / എഞ്ചിനീയർ പെട്ടിക്കട മൂല്യനിർണ്ണയം നടത്തേണ്ടതുണ്ട്. ആയതിൻ പ്രകാരം സഫിയ.കെ പി എന്ന ഗുണഭോക്താവിന് അനുവദിച്ച പെട്ടിക്കട ഓവർസിയർ/ എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തിയതിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം സഫിയ.കെ പി എന്ന ഗുണഭോക്താവ് പള്ളിക്കൽ പഞ്ചായത്തിലെ (മലപ്പുറം ജില്ല) താമസക്കാരിയാണ്. ഗുണഭോക്താവിന് പ്രസ്തുത പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.
4. ഗുണഭോക്താക്കളും നിർവഹണ ഉദ്യോഗസ്ഥനും തമ്മിൽ ചമച്ച കരാറിൽ കരാർ ഉടമ്പടികൾ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പരാമർശങ്ങളുമായി ബന്ധപെട്ട് നൽകിയ 14.11.2025 ലെ 38ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹76564 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 സ്വയം തൊഴിൽ സംരംഭം (വനിത) ശിങ്കാരി മേളം - അപാകങ്ങൾ -₹120609 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ,പാതിരിയാട് |
| പ്രൊജക്ട് നമ്പർ/പേര് | 120/2025 സ്വയം തൊഴിൽ സംരംഭം വനിത ശിങ്കാരി മേളം |
| അടങ്കൽ | ₹250000(വികസന ഫണ്ട്-പൊതുവിഭാഗം)<br>₹100000 (മറ്റുള്ളവ)<br>ആകെ 350000 |
| ചെലവ് | ₹120609 ബിൽ നം 554/25.03.2025 |

ശിങ്കാരി മേളം വനിത ഗ്രൂപ്പ് എന്ന സംരംഭത്തിനായി മേൽ ബിൽ പ്രകാരം ₹120609 ശ്രീതാളം ശിങ്കാരി മേളം ഗ്രൂപ്പിന് അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ )നം 115/2022 തസ്വഭവ തീയതി 28-05-2022 ഖ 6.5.2.എ(4) അനുസരിച്ച് സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾക്ക്) 75% സബ്സിഡി(പരമാവധി 375000 രൂപ) വരെ അനുവദിക്കാവുന്നതാണ്. വായ്പ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം സംരംഭത്തിന് ആകെ ചെലവായി കാണിച്ചിരിക്കുന്നത് ₹426179 യാണ്. ആയതിൽ ലോൺ തുകയായി 100000 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ സംരംഭത്തിന് ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിച്ചിട്ടില്ല.
2) നിർവഹണ ഉദ്യോഗസ്ഥനും ഗുണഭോക്താക്കളും തമ്മിലുള്ള എഗ്രിമെന്റിൽ ഉടമ്പടികൾ ഒന്നും തന്നെ എഴുതി ചേർത്തിട്ടില്ല.

3) മേൽ സ്വയം തൊഴിൽ സംരംഭത്തിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.
4) പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
അപാകങ്ങൾ സംബന്ധിച്ച് 15.11.2025 ൽ നൽകിയ 39ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹120609 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 സ്വയം തൊഴിൽ സംരംഭം(വനിത) - ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി - ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ പാതിരിയാട് |
| പ്രോജക്ട് നമ്പർ, പേര് | 16/25, സ്വയം തൊഴിൽ സംരംഭം – വനിത |

| | |
|---|---|
| അടങ്കൽ | ₹900000 വികസന ഫണ്ട് ജനറൽ ₹300000(മറ്റുള്ളവ) ആകെ – ₹1200000 |
| ചെലവ്, ബിൽ നമ്പർ/തീയതി | ₹300000, 518/22.03.2025 |

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ)നം 115/2022 തസ്വഭവ തീയതി 28-05-2022 ഖ 6.5.2.എ(4) അനുസരിച്ച് സ്വയം തൊഴിൽ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾക്ക്) 75% സബ്സിഡി(പരമാവധി 375000 രൂപ) വരെ അനുവദിക്കാവുന്നതാണ്. വായ്പ ബന്ധിതമാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രൊജക് പ്രകാരം ചൈതന്യ അരവ് കേന്ദ്രം എന്ന സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി കോമളവല്ലി എൻ പി എന്നവരുടെ അക്കൗണ്ടിലേക്ക്(അക്കൗണ്ട് നം. 171712801200088) 300000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിയോ അരവ് കേന്ദ്രത്തിന്റെ മറ്റ് സംരംഭകരോ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.അഡിഷണൽ ഗുണഭോക്തൃ ലിസ്റ്റ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിനായി 15.11.2025 ൽ നൽകിയ 41-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ₹300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 കാലിത്തീററ വിതരണം - അധികം അനുവദിച്ച തുക 35000 രൂപയുടെ ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ | 127/25 ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡി |
| അടങ്കൽ | 1050000 വികസന ഫണ്ട്-പൊതുവിഭാഗം<br>200000 മറ്റ് ബ്ലോക്ക് പഞ്ചായത്ത്<br>ആകെ 1250000 |
| ചെലവ് | 230000 264/ 17/12-2024 വികസന ഫണ്ട്, പൊതുവിഭാഗം<br>280000 445/ 10-3-2025 വികസന ഫണ്ട്, പൊതുവിഭാഗം<br>281400 443/10-3-2025 വികസന ഫണ്ട്, പൊതുവിഭാഗം<br>258600 486/ 15-3-2025 വികസന ഫണ്ട്, പൊതുവിഭാഗം<br>ആകെ 1050000 |

ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകരായ ഗുണഭോക്താക്കൾക്ക് ക്ഷീര സംഘങ്ങൾ വഴി കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സബ്സിഡി തുക നല്കുന്നതിനായി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട് . സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 (സബ്സിഡി മാർഗ്ഗ രേഖ) ഖ.6.3.16 പ്രകാരം കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലി തീറ്റ വരെ നൽകാവുന്നതാണ്. ആയതിന്റെ 50% തുകയാണ് സബ്സിഡിയായി നൽകാവുന്നത്. മേൽ പ്രോജക്ട് പ്രകാരം ക്ഷീരസംഘം കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുകയും, തുടർന്ന് സംഘം രേഖകൾ ഹാജരാക്കുന്ന

മുറയ്ക്ക് സബ്സിഡി തുക നൽകുകയും ചെയ്യുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവഹണത്തിൽ ചുവടെ കൊടുത്ത അപാകതകൾ കാണുന്നു.

പ്രോജക്ടിന്റെ നിർവഹണത്തിന്റെ ഭാഗമായി ക്ഷീരസംഘം (പാതിരിയാട് ക്ഷീരവ്യവസായ സഹകരണ സംഘം) വഴി ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. ക്ഷീരസംഘം ഹാജരാക്കിയിട്ടുള്ള കാലിത്തീറ്റ വാങ്ങിയ ബിൽ പ്രകാരമുള്ള തുകയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ തീയതി | ബാഗിന്റെ എണ്ണം | കാലിത്തീറ്റയുടെ വില | 50% സബ്സിഡി ഇനത്തിൽ അനുവദിക്കാവുന്ന തുക |
|---|---|---|---|
| KLPI-24-25-028521 29-11-24 | 200 | 278800 | 139400 |
| KLPI-24-25-028529 29-11-24 | 150 | 209100 | 104550 |
| KLPI-24-25-032477 30-12-24 | 400 | 557600 | 278800 |
| KLPI-24-25-036802 27-1-25 | 300 | 418200 | 209100 |
| KLPI-24-25-037875 01-02-2025 | 100 | 139400 | 69700 |
| KLPI-24-25-041418 22-02-2025 | 100 | 139400 | 69700 |
| KLPI-24-25-042194 28-02-2025 | 200 | 278800 | 139400 |
| ആകെ ബിൽ തുക | 1450 | 2021300 | 1010650 |

മേൽ പ്രോജക്ട് പ്രകാരം ആകെ 1450 എണ്ണം ബാഗ് കാലിത്തീറ്റയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത്. ആയതിന്റെ സബ്സിഡി ഇനത്തിൽ ഒരു ബാഗിന് 1394 രൂപ എന്നതിന് പകരം 6 രൂപ ഹാൻഡ്ലിംഗ് ചാർജ് ഉൾപ്പെടെ ആകെ 1400രൂപ കണക്കാക്കിയാണ് സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ ആയതിലും അധിക തുക ക്ഷീര സഹകരണ സംഘത്തിന് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്ഷീര സഹകരണ സംഘത്തിന്റെ പേര് | കാലിത്തീറ്റ വാങ്ങിയ സ്ഥാപനം/ | സ്ഥാപനം ലഭ്യമാക്കിയ ബില്ലിലെ യൂണിറ്റ് പ്രൈസ് (100kg) (₹) | ബിൽപ്രകാരം അനുവദിച്ച ആകെ സബ്സിഡി തുക (₹) | പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം തുക (₹) | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| പാതിരിയാട് ക്ഷീര സഹകരണ സംഘം | കേരള ഫീഡ്സ് ലിമിറ്റഡ് ( എലൈറ്റ്) | 2788 (50കിലോഗ്രാം ബാഗിന്റെ വില ₹1394*2) | 1050000 | 1015000 (725*1400 Handling Charge ഇനത്തിൽ 6രൂപ ഉൾപ്പെടെ) | 35000 |
| അധികമായി അനുവദിച്ച ആകെ തുക | | | 1050000 | 1015000 | 35000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (40/15.11.2025) മറുപടിയായി 50 കി.ഗ്രാം കാലിത്തീറ്റയ്ക്ക് 700 രൂപ മാത്രമാണ് സബ്സിഡി ഇനത്തിൽ അനുവദിച്ചത് എന്നാണ് അറിയിച്ചത്.

എന്നാൽ ഫയൽ പ്രകാരം 1394 രൂപയ്ക്ക് പരം 1400 രൂപ (700+700) നൽകിയതായി വ്യക്തമാണ്. കൂടാതെ ഇപ്രകാരം അനുവദിക്കാവുന്ന ആകെ സബ്സിഡി തുകയെ (725x1400) 1015000 രൂപയിലും അധികം തുക 35000 രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മറുപടിയിൽ വ്യക്തത വരുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ 35000 രൂപ അധികം അനുവദിച്ചതിന് വ്യക്തമായ മറുപടി നൽകാൻ സാധിച്ചിട്ടില്ല. ആയതിനാൽ അധികം നൽകിയ 35000 രൂപ നിരാകരിക്കുന്നു.

## 1-27 വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 347/25 , വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് |
| അടങ്കൽ | ₹25000 (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹25000 ബിൽ നമ്പർ: 523/23.03.2025 |

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 7-03-2025 തീയതിയിലെ സ.ഉ (സാധാ) നം.645/2025 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ് എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹25000 ശുചിത്വ മിഷന് കൈമാറിയിട്ടുണ്ട് . തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 34/14-11-25 നുള്ള ലഭ്യമായ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ ₹25000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ-₹3900000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വേങ്ങാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

<table>
<tr><td>പ്രോജക്ട് നമ്പർ/പേര്</td><td colspan="2">154/25 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ</td></tr>
<tr><td>അടങ്കൽ</td><td colspan="2">₹3840900(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹59100(തനത് ഫണ്ട്)<br>ആകെ ₹3900000</td></tr>
<tr><td rowspan="4">ചെലവ്</td><td rowspan="2">₹35,39,645/560/27-03-25</td><td>കെ എസ് ഇ ബി -പിണറായി ₹966700</td></tr>
<tr><td>കെ എസ് ഇ ബി -വേങ്ങാട് ₹2572945</td></tr>
<tr><td>₹3,01,255/564/28-03-25</td><td rowspan="2">കെ എസ് ഇ ബി- ചക്കരക്കൽ ₹360355</td></tr>
<tr><td>₹59,100/565/ 28-03-25<br>ആകെ – ₹3900000</td></tr>
</table>

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി തൻവർഷം₹3900000 രൂപ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം കെ എസ് ഇ ബിക്ക് അനുവദിച്ചിട്ടുണ്ട്. സ ഉ (സാധാ)84/2022/തസ്വഭവ തിയ്യതി19-04-2022ല 12.2.5(ഡി)(Ii) പ്രകാരം വൈദ്യുതി ലൈൻ ദീർഘിപ്പിക്കാനുള്ള പ്രവൃത്തികൾ ഡപ്പോസിറ്റ് വർക്ക് ആയി നടപ്പിലാക്കുമ്പോൾ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശ

ഭരണസ്ഥാപനത്തിന് നൽകേണ്ടതും, തുക മുൻകൂറായി നൽകുന്നതിന് മുമ്പായി സ്ഥാപനവുമായി തദ്ദേശ ഭരണസ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതുമാണ്.

സർക്കാർ ഉത്തരവിലെ മേൽ നിർദ്ദേശാനുസരണം പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം കെ എസ് ഇ ബി സെക്ഷനുകൾക്ക് തുക മുൻകൂറായി നൽകുന്നതിന് മുമ്പായി കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയ വിശദമായ എസ്റ്റിമേറ്റുകളും കെ എസ് ഇ ബിയുമായി ഒപ്പുവച്ച കരാറുകളും ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനും പ്രവൃത്തിയുടെ പുരോഗതി വിവരം അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/11-11-2025 നുള്ള മറുപടിയിൽ കരാറിലേർപ്പെടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കാതെയും കരാറിലേർപ്പെടാതെയും തുക അനുവദിച്ചതിനാലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാലും ചെലവ് തുകയായ ₹3900000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 പി എച്ച് സി ചാമ്പാട് സബ്സെന്റർ കെട്ടിട നിർമ്മാണം -പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| **നിർവ്വഹണോദ്യോഗസ്ഥൻ** | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 343/25- പി എച്ച് സി ചാമ്പാട് സബ്സെന്റർ കെട്ടിട നിർമ്മാണം |
| അടങ്കൽ തുക | ₹27,75,000 ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ₹27,75,000, ബിൽ നമ്പർ:491/19-03-25 |

2022-23 ഹെൽത്ത് ഗ്രാന്റ് -സ്കീം 1 പ്രകാരം ലഭിച്ചിട്ടുള്ള ഫണ്ട് വിനിയോഗിക്കാത്തതിനാൽ തുടർന്നുള്ള ഗഡുക്കൾ ലഭിക്കുന്നതിന് തടസ്സം വരുമെന്ന കാരണത്താൽ ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുതഫണ്ട് നാഷനൽ ഹെൽത്ത് മിഷന് കൈമാറുന്നതിന് സ ഉ (സാധാ) നം 295/2025/LSGD/31-01-25 ൽ ഉത്തരവായിട്ടുണ്ട്. ഉത്തരവിലെ നിർദ്ദേശാനുരണം ₹27,75,000 (A/C No. 110047344710) നാഷനൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്. നാഷനൽ ഹെൽത്ത് മിഷൻ മുഖാന്തിരം ഫണ്ട് വിനിയോഗിച്ച് പി എച്ച് സി ചാമ്പാട് സബ്സെന്റർ കെട്ടിട നിർമ്മാണ പ്രവൃത്തി നിരീക്ഷിച്ച് പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തി - പിഴ ഈടാക്കിയതിൽ കുറവ്

2012-ലെ പി.ഡബ്ല്യൂ.ഡി മാനുവലിലെ സെക്ഷൻ 2112.1 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, പി എ സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ആദ്യ തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിച്ച് നൽകേണ്ടി വരുന്ന പക്ഷം 2% നിരക്കിൽ പിഴ ഈടാക്കണം. എന്നാൽ ഒരു പ്രവൃത്തിക്ക് അനുവദിക്കാവുന്ന പരമാവധി പൂർത്തീകരണകാലാവധി ആ പ്രവൃത്തിയുടെ അനുവദനീയമായ കാലാവധിയുടെ പകുതിയിൽ അധികരിക്കുവാൻ പാടുള്ളതല്ല. നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകരുതെന്നും പ്രത്യേക കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈടാക്കേണ്ട പിഴ സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ കൊടുക്കുന്നു.

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

ജി.ഒ (എം എസ് ) 21/24/PWD തീയതി 02.04.2024 നമ്പർ ഉത്തരവിൽ പിഴ ഈടാക്കേണ്ടത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം പിഴ ഈടാക്കുന്നതിനാണ് സ്പഷ്ടീകരണത്തിന് മുൻപ് ഏർപ്പെട്ട കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് . സർക്കാർ ഉത്തരവിൽ പിഴ ഈടാക്കുന്നതിനുള്ള പ്രാബല്യത്തീയതി സൂചിപ്പിക്കാത്തതിനാൽ ഉത്തരവ് തീയതി മുതൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തികൾക്ക് മാത്രമേ സ്പഷ്ടീകരണ ഉത്തരവിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുള്ളൂ. ആയതിനാൽ 02.04.2024 മുമ്പ് കരാറിൽ ഏർപ്പെട്ട പ്രവൃത്തികളിൽ നിന്നും കരാറിലെ വ്യവസ്ഥ പ്രകാരം

പിഴ ഈടാക്കേണ്ടതാണ്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്കുകൾ പ്രകാരം പിഴ ഈടാക്കുന്നതിൽ കുറവ് വന്നിട്ടുണ്ട്.

| | |
|---|---|
| 1.പ്രോജക്ട് നമ്പർ/പേര് | 262/25- ശിശു മന്ദിരത്തിലേക്ക് കുടിവെള്ള സംവിധാനം ഒരുക്കുന്നതിനായി മോട്ടോർ സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ തുക | ₹50000.00 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| പി എ സി തുക | ₹42891.00 |
| ചെലവ് തുക | ₹49740.00 (ബിൽ നമ്പർ: 348/ 27.01.2025 ) |
| കരാറുകാരന്റെ പേര് | ശ്രീ. സജിത്ത് വി സി |
| കരാർ നമ്പർ,തീയതി. | 09/24 Dtd. 25.03.2024 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 25.06.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 12.11.24 |
| പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികം എടുത്ത സമയത്തിന്റെ വിവരം | 4 മാസം 17ദിവസം |
| ഈടാക്കേണ്ട പിഴ (3%) | ₹1287 |

| | |
|---|---|
| ഈടാക്കിയ തുക | ₹78 |
| കുറവ് വന്ന തുക | ₹1209 |

| | |
|---|---|
| 2.പ്രോജക്ട് നമ്പർ/പേര് | 259/25 ഓടക്കാട് അങ്കണവാടി ഇലക്ട്രിഫിക്കേഷൻ (സ്പിൽ ഓവർ) |
| അടങ്കൽ തുക | ₹85203.00 (വികസന ഫണ്ട് ഫണ്ട് -ജനറൽ) |
| പി എ സി തുക | ₹74015.82 |
| ചെലവ് തുക | ₹85203.00 ( ബിൽ നം. 344/24.01-25 ) |
| കരാറുകാരന്റെ പേര് | ശ്രീ. സജിത്ത് വി സി |
| കരാർ നമ്പർ,തീയതി. | 10/24 Dtd. 25.03.2024 |
| പൂർത്തീകരണ കാലാവധി | 3മാസം |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 25.06.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 06.01.2025 |
| പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കൂടുതലായി എടുത്ത സമയം | 6 മാസം 11 ദിവസം |
| ഈടാക്കിയ പിഴ | ₹142 |
| ഈടാക്കേണ്ട പിഴ (PAC യുടെ 3%) | ₹2221 |
| കുറവ് വന്ന തുക | ₹2079 |

| | |
|---|---|
| 3.പ്രോജക്ട് നമ്പർ/പേര് | 257/25- വിവിധ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി മോട്ടോർ സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ തുക | ₹6,21,400.00 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| പി എ സി തുക | ₹233294.00 |
| ചെലവ് തുക | ₹270618.00 (ബിൽ നമ്പർ: 346/27.01.2025 ) |
| കരാറുകാരന്റെ പേര് | ശ്രീ. സജിത്ത് വി സി |
| കരാർ നമ്പർ,തീയതി. | 11/24 Dtd. 25-03.2024 |
| പൂർത്തീകരണ കാലാവധി | 3 മാസം |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 25-06.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 08-01-2025 |
| പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അധികം എടുത്ത സമയത്തിന്റെ വിവരം | 6 മാസം 14 ദിവസം |
| ഈടാക്കേണ്ട പിഴ (PAC യുടെ 3%) | ₹6999 |
| ഈടാക്കിയ തുക | ₹453 |
| കുറവ് വന്ന തുക | ₹6546 |

മേൽ പ്രവൃത്തികളിൽ നിന്നും 02.04.2024 ലെ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരമാണ് പിഴ ഈടാക്കിയത്. പൂർത്തീകരണ സമയം ദീർഘിപ്പിച്ചു നല്കിയതിന്റെ കാരണവും സമയം ദീർഘിപ്പിച്ചു നല്കുന്നതിന് നടപടി സ്വീകരിച്ചതിന്റ രേഖകളും ഹാജരാക്കിയിട്ടില്ല. മാത്രവുമല്ല അനുവദനീമായ പൂർത്തീകരണ കാലാവധിയുടെ പകുതിയിലധികം സമയം ദീർഘിപ്പിച്ച് നൽകിയതും ക്രമപ്രകാരമല്ല. നടപടിക്രമങ്ങളിലെ അപാകം സംബന്ധിച്ചും പിഴ ഈടാക്കിയതിൽ കുറവ് വന്നത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 16/11-11-2025) ക്കുള്ള മറുപടിയിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന 1209+2079+6546= 9834 രൂപ ഈടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-31 ജി ഐ എസ് മാപ്പിംഗ്- പദ്ധതി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| | |
|---|---|
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 297/25 ജി ഐ എസ് മാപ്പിംഗ് എ എം സി ഡാറ്റാ അപ്ഡേഷൻ ഫോർ ജി ഐ എസ് സിസ്റ്റം |
| അടങ്കൽ തുക | ₹700000 തനത് ഫണ്ട് |
| ചെലവ് | ₹135368, ബിൽ നമ്പർ: 567/29-03-25 |

വേങ്ങാട് ഗ്രാമപഞ്ചായത്തിൽ ULCCS മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള ജി ഐ എസ് മാപ്പിംഗിന്റെ പഴയ കെട്ടിടങ്ങളുടെ അപ്ഡേഷൻ പ്രവർത്തികളും പുതുതായി നിർമ്മിച്ച കെട്ടിടങ്ങളുടെ സർവ്വെ പ്രവർത്തികളും നടപ്പിലാക്കുന്നതിനായി ULCCS സമർപ്പിച്ച പ്രൊപ്പോസൽ 19-09-24 ലെ 166/(2)/2024 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ULCCS ഹാജരാക്കിയ പ്രൊപ്പോസൽ നം.PR/ULTS/GIS/2023-24/1457/17-01-2025 പ്രകാരം പ്രവൃത്തി എഗ്രിമെന്റ് ഒപ്പുവച്ച തിയ്യതി മുതൽ 12 മാസത്തേക്കാണ് എ എം സി സേവനം ലഭ്യമാക്കുക എന്നും ഒരു സ്റ്റാഫിനെ സേവനത്തിനായി വിട്ടുനൽകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കരാർ നം 07/2024-25 തിയ്യതി 14-02-2025 പ്രകാരം കരാർ തുക (5,73,594+103247GST) 676841രൂപയാണ് . പദ്ധതിയുടെ ഭാഗമായി Updated Database Of Households, Updated Web-Based Application Customized For The Vengad Grama Panchayath എന്നിവ വിതരണം ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ULCCS ൽ നിന്നും കരാർ പ്രകാരമുള്ള രേഖകൾ ഹാജരാക്കുന്നതിനും പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻകചയറി നം 15/11-11-25 നുള്ള മറുപടിയിൽ അപ്ഡേഷൻ പ്രവൃത്തികൾ നടന്നുവരികയാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-32 സാങ്കേതികാനുമതി ലഭിക്കാത്ത 7 പ്രൊജക്കുകൾക്കു വേണ്ടി തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല - 3493505 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2024-25 വർഷത്തിൽ സാങ്കേതികാനുമതി ലഭിക്കാത്ത 7പ്രൊജക്കുകൾക്കു വേണ്ടി തുക 3493505 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | ചെലവ് തുകയും ബിൽനമ്പരും | ഫണ്ട് | കരാറുകാരന്റെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 217/25 കുഴൽകിണർ പടിഞ്ഞാറ്റെമുറി റോഡ് റീടാറിംഗ് | 296585 54/27-07-2024 | മെയിന്റിനൻസ് ഫണ്ട് (റോഡ്) | ബൈജു.പി | |
| 2 | 193/25 ഡാം സൈറ്റ് വയച്ചിൽ റോഡ് | 397338 18/09-05-2024 | മെയിന്റിനൻസ് ഫണ്ട് (റോഡ്) | ബൈജു.പി | |

| | | | | | |
|---|---|---|---|---|---|
| | റീടാറിംഗ് | | | | |
| 3 | 219/25 വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം | 836222 65/01-08-2024 | മെയിന്റിനൻസ് ഫണ്ട് (റോഡിതരം) | പി.പി.പുരുഷോത്തമൻ | |
| 4 | 206/25 കേളലൂർ പടിഞ്ഞാറ്റെമുറി റോഡ് റീടാറിംഗ് | 248256 53/27-07-2024 | മെയിന്റിനൻസ് ഫണ്ട് (റോഡ്) | ബൈജു.പി | |
| 5 | 238/25 ലക്ഷംവീട് മുണ്ടോടി താഴെ റോഡ് റീടാറിംഗ് | 388631 52/27-07-2024 | മെയിന്റിനൻസ് ഫണ്ട് (റോഡ്) | ബൈജു.പി | |
| 6 | 205/25 ടമറിന്റെ വില്ല റോഡ് റീടാറിംഗ് | 286252 55/27-07-2024 | മെയിന്റിനൻസ് ഫണ്ട് (റോഡ്) | ബൈജു.പി | |
| 7 | 194/25 വേങ്ങാട് മെട്ട കനാൽക്കര റോഡ് റീടാറിംഗ് | 1040221 12/09-05-2024 | മെയിന്റിനൻസ് ഫണ്ട് (റോഡ്) | ബൈജു.പി | |
| | ആകെ തുക | 3493505(2657283+836222) | | | |

സാങ്കേതികാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ചെലവ് തുക സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറിക്ക് (29/13.11.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രൊജക്കുകൾക്കു വേണ്ടി ചെലവഴിച്ച തുക 3493505 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ജലജീവൻ മിഷൻ പദ്ധതി - അവലോകനം

### ജലജീവൻ മിഷൻ പദ്ധതി – വേങ്ങാട് ഗ്രാമപഞ്ചായത്ത്

ഗ്രാമീണ വീടുകളിൽ എല്ലാം 2024-ഓടെ സുരക്ഷിത കുടിവെള്ള കണക്ഷൻ നൽകുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ജനപങ്കാളിത്തത്തോടെ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി.

പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് ചുവടെ കൊടുക്കുന്നു

| | |
|---|---|
| കേന്ദ്ര-സംസ്ഥാന വിഹിതം | 50:50 |
| സംസ്ഥാന വിഹിതത്തിലെ പഞ്ചായത്ത് വിഹിതം | 15% |
| ഗുണഭോക്തൃ വിഹിതം | 10% |

കേരള ജല അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പദ്ധതിയുടെ മൊത്തം എസ്ററിമേറ്റ് തുക 1272.76 ലക്ഷം രൂപയാണ്. ആയതിൽ പഞ്ചായത്ത് വിഹിതം 15%, ഗുണഭോക്തൃ വിഹിതം 10% ആയി നിശ്ചയിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനായി 18-05-2022-ന് കേരളാ വാട്ടർ അതോറിറ്റി എക്സിക്യൂട്ടിവ് എഞ്ചിനീയർ, പഞ്ചായത്ത് സെക്രട്ടറി, കേരള ഗ്രാമ നിർമാണ സമിതി,കോഴിക്കോടിന്റെ പ്രതിനിധി എന്നിവർ ചേർന്ന് ത്രികക്ഷി കരാറിൽ ഒപ്പുവെച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ റിപ്പോർട്ട് പ്രകാരം 5846 വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകേണ്ടതുണ്ട്. 21-07-2020 ലെ ഭരണസമിതി 4/1 തീരുമാനപ്രകാരം പഞ്ചായത്ത് വിഹിതം 15% തുകയും ഗുണഭോക്തൃ വിഹിതം 10% തുകയും പദ്ധതി ഇനത്തിൽ വകയിരുത്തി കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥാപന വിഹിതം ഇനത്തിൽ 2020-21-ൽ 1845000 രൂപയും, 2021-22 ൽ 1000000 രൂപയും ഉൾപ്പെടെ ആകെ 2845000 രൂപ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ തുകയൊന്നും കൈമാറിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച രേഖകളും ഫയലിൽ ലഭ്യമല്ല. ആയതിനാൽ പഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് പദ്ധതിയുടെ യഥാർത്ഥ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും, ഗുണഭോക്തൃ വിഹിതവും പഞ്ചായത്ത് വിഹിതവും സമയബന്ധിതമായി നൽകുകയും ചെയ്ത് പദ്ധതി സുഗമമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-34 ഹെൽത്ത് ഗ്രാന്റ് വിനിയോഗം-അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ഹെൽത്ത്

ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2132/2022/LSGD തീ. 31.08.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തീ 01.09.2022, സ.ഉ(സാധാ)നം.1625/2023/തസ്വഭവ തീ. 09.08.2023 എന്നിവ പ്രകാരവും മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.05.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവ്വഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ഹെൽത്ത് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കിം 5, 6 എന്നിവ നഗരസഭാ സ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്.

## വേങ്ങാട് ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഗ്രാന്റ് - വിനിയോഗ വിവരങ്ങൾ.

2021-26 അവാർഡ് കാലയളവിൽ വേങ്ങാട് ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ ചേർക്കുന്നു

### ലഭിച്ച തുക

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | 264733 | 135000 | 399733 |
| 2023-24 | 2775000 | 1171000 | 475000 | 4421000 |
| 2024-25 | - | 489000 | 756000 | 1245000 |

### ചെലവഴിച്ച തുക

| ഗ്രാന്റ് വർഷം | സ്കീം 1 | സ്കീം 3 | സ്കീം 4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | 3600 | - | 3600 |
